പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5551 02.11. 2016 ൽ മറുപടിക്ക്

വൈദ്യുതി ബിൽ

ചോദ്യം

ശ്രീ.എൻ.എ. നെല്ലിക്കുന്ന്

ഉത്തരം

ശ്രീ.കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഉപഭോക്താവിനു നൽകുന്ന വൈദ്യുതി ബില്ലിൽ ഉപയോഗിച്ച വൈദ്യുതിക്കല്ലാതെ മറ്റെന്തെങ്കിലും ഇനത്തിനു ചാർജ്ജ് ഈടാക്കുന്നുണ്ടോ; | (എ) ഉപയോഗിച്ച വൈദ്യുതിക്കുള്ള എനർജി ചാർജ്ജ്, കണക്റ്റഡ് ലോഡ്/കോൺട്രാക്റ്റ് ഡിമാൻഡ് അനുസരിച്ചുള്ള നിശ്ചിത ചാർജ്ജ്, മീറ്റർ വാടക, ഇലക്ട്രിസിറ്റി ഡ്യൂട്ടി എന്നിവയാണ് സാധാരണയായി വൈദ്യുതി ചാർജ്ജായി ഈടാക്കാറുള്ളത്. ഇന്ധനവില ക്രമീകരണ ചാർജ്ജ്, പവർഫാക്ടർ ക്രമീകരണ ചാർജ്ജ്, റിയാക്ടീവ് എനർജി ചാർജ്ജ്, സമയത്തെ അടിസ്ഥാനമാക്കിയുള്ള ഉപയോഗത്തിന്റെ ചാർജ്ജ്, പണമടവ് വൈകിയതിനും കോൺട്രാക്റ്റ് ഡിമാന്റ് അധികരിച്ചതിനുമുള്ള പിഴ, കിട്ടാനുള്ള തവണകൾക്കുള്ള പലിശ, വീലിങ് ചാർജ്ജ്, ക്രോസ് സബ്സിഡി അധിക തുക, ലൈസൻസിയുടെ വൈദ്യുതി പ്ലാന്റ്, ഉപകരണങ്ങൾ എന്നിവയ്ക്കുള്ള വാടക എന്നിങ്ങനെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുള്ള ചാർജ്ജുകൾ ആയത് ബാധകമായ ഉപഭോക്താക്കളിൽ നിന്ന് മാത്രം ഈടാക്കുന്നുണ്ട്. |
| (ബി) പുതിയതായി കണക്ഷൻ നൽകുമ്പോൾ ഏതെല്ലാം തരത്തിലുള്ള ചാർജ്ജുകളാണ് ഉപഭോക്താവിൽ നിന്ന് ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) പുതിയതായി കണക്ഷൻ ലഭിക്കാനായി അപേക്ഷ നൽകുമ്പോൾ അപേക്ഷാഫീസിന് പുറമേ കണക്ഷന് വേണ്ടിയുള്ള എസ്റ്റിമേറ്റ് തുകയും കരുതൽ നിക്ഷേപവുമാണ് ഉപഭോക്താവിൽ നിന്നും ഈടാക്കാറുള്ളത്. |
| (സി) കണക്ഷൻ നൽകുമ്പോൾ തന്നെ മീറ്ററിന്റെ വില ഉപഭോക്താവിൽ നിന്ന് ഈടാക്കുന്നുണ്ടെങ്കിൽ പിന്നീട് ഓരോ ബില്ലിലും മീറ്റർ വാടക ഇനത്തിൽ ചാർജ് ഈടാക്കുന്നത് ശരിയാണോ എന്ന് വ്യക്തമാക്കാമോ? | (സി) പുതിയ കണക്ഷൻ നൽകുമ്പോൾ മീറ്ററിന്റെ വില ഉപഭോക്താവിൽ നിന്നും ഈടാക്കാറില്ല. കെ.എസ്.ഇ.ബി യുടെ മീറ്ററാണ് ഘടിപ്പിക്കുന്നതെങ്കിൽ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് ചട്ടം 68 (2) പ്രകാരം വൈദ്യുത ബില്ലിന്റെ കൂടെ മീറ്റർ വാടക ഈടാക്കുന്നതാണ്. അതേസമയം ഉപഭോക്താവ് വാങ്ങിയ മീറ്ററാണ് ഘടിപ്പിക്കുന്നതെങ്കിൽ മീറ്റർ വാടക ഈടാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ